(സി) പെട്ടെന്നു തന്നെ ഒരു കോൺഫറൻസ് വിളിച്ചു ചർച്ച ചെയ്ത് അവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചു നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്കൃത വിദ്യാർത്ഥി–അദ്ധ്യാപക സംയുക്ത സമരസമിതിയുടെ നിവേദനം കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിവേദനത്തിലെ ആവശ്യങ്ങൾ പരിശോധിച്ചു വരുന്നു.

ഫുൾടൈം സീനിയർ ലാംഗ്വേജ് ടീച്ചർ തസ്തികകൾ

433 [780] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980–81, 1981–82, 1982–83, 1983–84 സ്കൂൾ വർഷങ്ങളിൽ കണ്ണൂർ ജില്ലയിലുണ്ടായ ഫുൾടൈം സീനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) തസ്തികകൾ എത്തൊക്കെ;

(ബി) ഈ തസ്തികകളിൽ പ്രമോട്ട് ചെയ്തതും പി.എസ്.സി. മുഖേനയും നിയമിച്ചതാരെയെല്ലാം;

(സി) ഓരോരുത്തരുടെയും നിയമന തീയതികളേതൊക്കെ;

(ഡി) നിയമാനുസൃതം പ്രമോഷൻ ലഭിക്കേണ്ടിയിരുന്ന ആരെയെങ്കിലും ഈ കാലയളവിൽ യഥാസമയം പ്രമോട്ട് ചെയ്ത് നിയമിക്കാതിരുന്നിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിയമാനുസൃത പ്രമോഷൻ ലഭിക്കേണ്ടിയിരുന്ന തീയതി മുതലുള്ള സർവ്വീസും മറ്റാനുകൂല്യങ്ങളും ആ അദ്ധ്യാപകന് നൽകുമോ?

ഉത്തരം

(എ)	1980–81	2
	1981–82	2
	1982–83	3
	1983–84	4
(ബി)	1980–81	
പി.എസ്.സി. മുഖേന		2
പ്രമോഷൻ		ഇല്ല
	1981–82	
പി.എസ്.സി. മുഖേന		1
പ്രമോഷൻ		ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

1982–83		
പി.എസ്.സി. മുഖേന	2	
പ്രമോഷൻ	1	
1983–84		
പി.എസ്.സി. മുഖേന	4	
പ്രമോഷൻ	ഇല്ല.	
(സി) 1980–81		
പി.എസ്.സി. മുഖേന	2.	25–10–1980
1981–82		
പി.എസ്.സി. മുഖേന	1.	30–6–1981
1982–83		
പി.എസ്.സി. മുഖേന	2.	9–2–1983
പ്രമോഷൻ	1.	22–9–1984
1983–84		
പി.എസ്.സി. മുഖേന	2.	29–10–1983
	2.	17–1–1984

(ഡി) ഉണ്ട്. 1982–83–ലെ പ്രമോഷൻ 23–2–1983–ന് നടത്തിയിരുന്നെങ്കിലും അതിൽ അപകാതയുള്ളതിനാൽ പ്രമോഷൻ ലിസ്റ്റ് പുനഃപരിശോധിച്ച് അർഹതപ്പെട്ടവരുടെ പ്രമോഷൻ നൽകാണമെന്ന് വിദ്യഭ്യാസ ഡയറക്ടർ ആഫീസിലെ നുർട്ദേശ പ്രകാരം ആദ്യം പ്രമോട്ട് ചെയ്തിരുന്ന ആളെ റിവർട്ട് ചെയ്ത് 22–9–1984–ൽ അർഹതപ്പെട്ടയാൾക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത അദ്ധ്യാപികയുടെ അപേക്ഷ ഡപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പരിശോധിക്കുന്നുണ്ട്.

കണ്ണൂർ ജില്ലയിലെ പി.ഡി. ടീച്ചർമാരുടെ നിയമനം

434 [781] ശ്രീ. കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് മുഖേന കണ്ണൂർ ജില്ലയിലേക്കു പി.ഡി. ടീച്ചർ തസ്തികയിൽ നിയമനത്തിനായി 1985 മാർച്ചിൽ ഇൻറർവ്യൂ നടത്തി പ്രസിദ്ധീകരിച്ച ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നിലവിൽ ഒഴിവുകൾ വല്ലതുമുണ്ടോ;

(സി) ലിസ്റ്റിൽ ബാക്കിയുള്ളവരുടെ നിയമനം എന്നത്തേക്കു നടത്തുമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരെയും നിയമിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഒഴിവുണ്ടാകുന്ന മുറയ്ക്കു നിയമനം നടത്തുന്നതാണ്.

GPM. 2/490/08

LIBRARY ARCHIVES Kerala Legislative Assembly